**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1270** **19-06-2024 - ൽ മറുപടിയ്ക്ക്**

**അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണത്തിനായി 27.09.2016 ൽ ഭരണാനുമതി നൽകിയിട്ടും നാളിതുവരെയായി നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | അങ്കമാലി ബൈപ്പാസ് നിർമ്മാണത്തിന് 23.09.2016 ലെ GO(Rt)1324/2016/PWD ഉത്തരവ് പ്രകാരം കിഫ്ബി പദ്ധതികളിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകി ആർ.ബി.ഡി.സി.കെ. യെ എസ്.പി.വി. ആയി നിയമിച്ചിരുന്നു. പ്രസ്തുത പദ്ധതിക്ക് 02.06.2017 ൽ 390.68 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു.<br><br>NH-66- ൽ കരയാമ്പറമ്പ് കവലയിൽ നിന്നു തുടങ്ങി അങ്കമാലി റെയിൽവേ സ്റ്റേഷന് സമീപം നാഷണൽ ഹൈവയിൽ അവസാനിക്കുന്ന തരത്തിൽ 6 വരി പാതയായാണ് അലൈൻമെൻറ് നിശ്ചയിച്ചിരുന്നത്. 3.115 കി.മീ. ദീർഘമുള്ള അലൈൻമെൻറിൽ 1.785 കി.മീ. ഭാഗം മാഞ്ഞാലി കനാലിന് കുറുകെ എലിവേറ്റഡ് ഹൈവേ ആയിട്ടാണ് വിഭാവനം ചെയ്തിരുന്നത്.<br><br>എന്നാൽ, പദ്ധതി ചിലവ് കുറയ്ക്കുന്നതിനായി 6 വരിക്ക് പകരം 4 വരി പാത നിർമ്മിക്കുവാനും എലിവേറ്റഡ് ഹൈവേയുടെ ഭാഗത്തെ അലൈൻമെൻറ് മാഞ്ഞാലി കനാലിന് പടിഞ്ഞാറോട്ട് നീക്കി സ്ഥലം നികത്തി റോഡ് നിർമ്മിക്കുന്ന തരത്തിൽ ഡി.പി.ആർ പരിഷ്കരിക്കുവാനും കിഫ്ബി ആവശ്യപ്പെട്ടു. 2018-ൽ ഉണ്ടായ വെള്ളപ്പൊക്കത്തോടെ ചതുപ്പ് നികത്തി റോഡ് നിർമ്മിക്കുന്നത് അഭികാമ്യമല്ല എന്ന് കണ്ടതിനാൽ പദ്ധതിക്ക് ആർ.ബി.ഡി.സി.കെ. ആദ്യം നിശ്ചയിച്ച എലിവേറ്റഡ് ഹൈവേ തന്നെ അനുവദിക്കാൻ കിഫ്ബിയോട് ആവശ്യപ്പെട്ടുകയും സാങ്കേതിക സംഘത്തിന്റെ പരിശോധനയെത്തുടർന്ന് എലവേറ്റഡ് ഹൈവേയ്ക്ക് തന്നെ കിഫ്ബി അനുമതി നൽകുകയും ചെയ്തു. പുതുക്കിയ ഡി.പി.ആർ ന് 275.52 കോടി രൂപ കിഫ്ബി അനുവദിച്ചു. 17.09.2020 ലെ G.O.(Rt) No. 2898/2020/RD പ്രകാരം സ്ഥലമേറ്റെടുപ്പിന് |

| | | | |
|---|---|---|---|
| | | | ഭരണാനുമതി നൽകിയിട്ടുണ്ട്. എൽ.എ കണ്ടിജൻസി ചാർജ്ജായ 50 ലക്ഷം രൂപ റവന്യൂ വകുപ്പിന് നൽകുകയും, അലൈൻമെൻറ് കല്ലുകൾ സ്ഥാപിച്ച്, സംയുക്ത സ്ഥല പരിശോധന നടത്തിയ ശേഷം 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. സാമൂഹ്യാഘാത പഠന റിപ്പോർട്ടിന്മേൽ പരിശോധന നടത്തി എക്സ്പേർട്ട് കമ്മിറ്റി റിപ്പോർട്ട് നൽകിയശേഷം 25.01.2022 ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പൊന്നുംവില നടപടി പ്രകാരം 11(1) വിജ്ഞാപനം കേരള എക്സ്ട്രാ ഓർഡിനറി ഗസറ്റിൽ 22.08.2022 ൽ പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ എൽ.എ. സബ് ഡിവിഷൻ സർവ്വെ വർക്കുകൾ എൽ.എ.ഒ. ഓഫീസിൽ നടന്നുകൊണ്ടിരിക്കുകയാണ്. മുഴുവൻ സ്ഥലവും ഏറ്റെടുത്ത് ആർ.ബി.ഡി.സി.കെ. ക്ക് കൈമാറിയാലുടൻ തുടർ നടപടികൾ സ്വീകരിക്കും. |
| (ബി) | അങ്കമാലി മണ്ഡലത്തിൽ അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണത്തിന് ആവശ്യമായി എത്ര ഭൂമിയാണ് ഏറ്റെടുക്കാനുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണത്തിന് ഉദ്ദേശം 9.0779 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് ആർ.ബി.ഡി.സി.കെ ലിമിറ്റഡ് റവന്യൂ വകുപ്പിൽ അർത്ഥനാപത്രം നൽകിയിട്ടുണ്ട്. റവന്യൂ വകുപ്പിന്റെ സർവ്വേ നടപടികൾക്ക് ശേഷം കൃത്യമായ വിസ്തീർണ്ണം അറിയാനാകും. |
| (സി) | പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ തുക റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | കണ്ടിജൻസി ചാർജായ 50 ലക്ഷം രൂപ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. ബാക്കി ആവശ്യമായ തുകയ്ക്കുള്ള അർത്ഥനാപത്രം റവന്യൂ വകുപ്പിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ